

# ജനാധിപത്യവും മാധ്യമങ്ങളും

എഡിറ്റർ: ഡോ. ജൈനിമോൾ കെ. വി.

# ജനാധിപത്യവും മാധ്യമങ്ങളും

എഡിറ്റർ:

ഡോ. ജൈനിമോൾ കെ. വി.

ജി വി ബുക്സ്

ജി വി ബുക്സ്

Janadhipathyavum **Madhyamangalum**
Media studies
Malayalam

Editor:
**Dr. Jainymol K. V.**

Publisher : **G. V. Rakesh**
**GV Books**
Ponniam Junction, Kadirur, Thalassery - 670 642.
Phone : +91 9447707920
Email : gvrbooks@gmail.com
Online book store : **www.gvbooksonline.com**

First Edition : March 2023
Cover Design : Shibin K. K. www.shibikarun.com
Pre Press : GVR Gurukkal
Printed at : Printing Park, Thalassery - 670 101.

ISBN: **978-93-90747-86-3**

Sl. No.: 129/250/1ed/rd:2023-03-31

₹225

© All rights reserved. No part of this publication may be reproduced into a retrival system, or transmitted, in any means, electronic, mechanical, photo copying, recording or otherwise without the prior permission of the publisher.

## അകം


നവോത്ഥാനവും ജനാധിപത്യവും .......... 7

അരികുകളും മാധ്യമങ്ങളും :
മലയാളത്തിലെ ദിനപത്രങ്ങളെയും
വാർത്താചാനലുകളെയും
മുൻനിർത്തിയുള്ള നിരീക്ഷണങ്ങൾ .......... 19

ലിംഗപദവിയും മീഡിയയും .......... 28

ഇന്ത്യൻ ജനാധിപത്യവും മാധ്യമ ജീവിതവും .......... 49

പൗരത്വവും സാമൂഹിക ജനാധിപത്യവും .......... 53

സൈബർ നിയമങ്ങളും സ്ത്രീ സുരക്ഷയും .......... 59

ബഹുജനമാധ്യമമെന്നനിലയിൽ
സിനിമയുടെ ജനാധിപത്യ ഇടപെടലുകൾ .......... 67

ആധുനിക ഇന്ത്യൻ ഭരണകൂടവും
ആദിവാസികളും .......... 80

ജനാധിപത്യം ദേശീയത മാതൃഭൂമി .......... 86

നിറംമാറുന്ന മുഖപ്രസംഗങ്ങൾ .......... 92

ജനാധിപത്യം മാധ്യമം സുതാര്യത .......... 97

നാലാംസ്തംഭം എന്ന ഉത്തരവാദിത്വം .......... 102

സൈബർ പൊതുമണ്ഡലവും
കമന്റുകളുടെ രാഷ്ട്രീയവും .......... 109

# ജനാധിപത്യം ദേശീയത മാതൃഭൂമി

ഡോ.ശാലിമ എം.സി

ജനാധിപത്യത്തെ വിശേഷിപ്പിക്കുന്നത് ജനങ്ങൾ, ജനങ്ങൾക്കുവേണ്ടി തെരെഞ്ഞെടുക്കപ്പെട്ട ജനപ്രധിനിധികളിലൂടെയുള്ള ഭരണമായിട്ടാണ് .ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ഭരണത്തിന്റെ നാലു സ്തംഭങ്ങളിൽ ഒന്നായാണ് പത്രങ്ങൾ വിശേഷിപ്പിക്കപ്പെടുന്നത് നിയമനിർമ്മാണസഭ, ഭരണ നിർവഹണവിഭാഗം, നീതിന്യായ പരിപാലനവിഭാഗം എന്നിവയാണ് മറ്റ മൂന്നു സ്തംഭങ്ങൾ. നിതാന്ത ജാഗ്രതയും അന്വേഷണത്വരയുമാണ് പത്രങ്ങളെ നാലാം നിലയിലുള്ള കടമകൾ നിർവ്വഹിക്കാൻ പ്രാപ്തമാക്കുന്നത്.

കേരളത്തിന്റെ സാമൂഹ്യപുരോഗതിയിൽ പത്രങ്ങൾ വഹിച്ച പങ്ക് വിസ്മരിക്കാനാവാത്തതാണ്. അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, നിരക്ഷരത, ജാതീയമായ ക്രൂരതകൾ, പാരതന്ത്ര്യം ഇവക്കെതിരെ ജനങ്ങളെ ബോധവാന്മാരാക്കാനും അവരെ സാംസ്കാരികമായി ഉയർത്തുകയും ചെയ്യുന്നതിലാണ് പൊതുവെ മലയാള പത്രങ്ങൾ ശ്രദ്ധ വെച്ചത്. കേരളീയൻ എന്ന സ്വത്വബോധം ഉയർത്താനും വ്യത്യസ്ത രീതികളിൽ ഐക്യകേരള വികാരത്തിന് രൂപം കൊടുക്കാനും പത്രങ്ങൾ വലിയ സംഭാവനകൾ നൽകി.

മാപ്പിളകലാപത്തിന്റെ പശ്ചാത്തലത്തിൽ മലബാറിലാകെ ദേശീയപ്രസ്ഥാനം ആരംഭിച്ചതും, കോൺഗ്രസ് - ഖിലാഫത് ബന്ധം തകർന്നതും, ഗവൺമെന്റിന്റെ ക്രൂരവും രാക്ഷസീയവുമായ മർദ്ദനം ജനങ്ങളുടെ മനോധൈര്യം പൂർണമായും തകർക്കാനിടയാക്കി. യാതൊരു പൊതുപ്രവർത്തനവും നടത്താനാവാത്തൊരു പരിതസ്ഥിതി ഉണ്ടായി. ഈ ദുരവസ്ഥയിൽ നിന്നും മോചനം നേടാനും നഷ്ടപ്പെട്ട ധൈര്യം വീണ്ടെടുത്തു ശക്തമായി തിരിച്ചു വരേണ്ടത് അത്യാവശ്യമായിരുന്ന സാഹചര്യത്തിൽ ശക്തമായ ഒരു ആയുധമെന്ന നിലക്കാണ് മാതൃഭൂമി

ആരംഭിച്ചത്.

മാതൃഭൂമി ആരംഭിക്കുന്ന കാലത്ത് കോഴിക്കോട്ടു നിന്ന് 'കേരള പത്രിക', 'കോഴിക്കോടൻ മനോരമ', 'കേരള സഞ്ചാരി', 'മിതവാദി' എന്നിങ്ങനെ നാലു മലയാള പത്രങ്ങളും 'വെസ്റ്റ് കോസ്റ്റ് റിഫോർമെർ', 'മലബാർ സ്പെക്റ്റേറ്റർ' എന്നീ മൂന്ന് ഇംഗ്ലീഷ് പത്രങ്ങളും പ്രസിദ്ധീകരിച്ചുപോന്നിരുന്നു. ഈ പത്രങ്ങളൊന്നും തന്നെ കോൺഗ്രസ് വാർത്തകൾ പ്രസിദ്ധീകരിച്ചിരുന്നില്ല. ദേശീയ പ്രസ്ഥാനത്തെ എതിർക്കുകയും ബ്രിട്ടീഷ് ഭരണത്തെ അനുകൂലിക്കുകയുമാണ് ചെയ്തിരുന്നത്. കോൺഗ്രസ് വിജ്ഞാപനങ്ങളോ നോട്ടീസുകൾ പോലുമോ അച്ചടിച്ച് കിട്ടാനും പ്രയാസമായിരുന്നു.

ഈ സാഹചര്യത്തിൽ കോൺഗ്രസ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്വന്തമായ അച്ചുക്കൂടവും പത്രവും ഒഴിച്ചുകൂടാനാവാത്ത ഒന്നാണെന്ന് അന്നത്തെ കേരള സംസ്ഥാന കോൺഗ്രസ് കമ്മിറ്റി നേതാക്കന്മാർക്ക് ബോധ്യമായി. അന്ന് കെ പി കേശവമേനോനായിരുന്നു കേരള സംസ്ഥാന കോൺഗ്രസ് കമ്മിറ്റിയുടെ സെക്രട്ടറി. അദ്ദേഹം, തന്റെ സഹപ്രവർത്തകരും കോൺഗ്രസ് നേതാക്കന്മാരുമായിരുന്ന കെ മാധവൻ നായർ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, കേശവൻ നായർ, പി അച്യുതൻ തുടങ്ങിയവരുമായി കൂടിയാലോചിച്ചു; ഒരു പ്രസ്സും പത്രവും തുടങ്ങാൻ തീരുമാനിച്ചു. അതിന്റെ പ്രാരംഭമായി ഓഹരി ഒന്നിന് അഞ്ചു രൂപ പ്രകാരം ഇരുപതിനായിരം ഓഹരിയും ഒരു ലക്ഷം രൂപ മൂലധനവുമായി മാതൃഭൂമി പ്രിന്റിങ് ആൻഡ് പബ്ലിഷിംഗ് കമ്പനി 1922 ഫെബ്രുവരി 15-ാം തീയതി രജിസ്റ്റർ ചെയ്തു. കെ മാധവൻ നായർ ആയിരുന്നു കമ്പനിയുടെ സ്ഥാപക മാനേജിങ് ഡയറക്ടർ.

മാതൃഭൂമി ഒരു ത്രൈവാരികയായിട്ടാണ് തുടങ്ങിയത്. 'മാതൃഭൂമി' എന്ന പേരിനു ചുവടെ ഒന്നാം പേജിൽ തന്നെ 'ചൊവ്വാഴ്ചയും വ്യാഴാഴ്ചയും ശനിയാഴ്ചയും പ്രസിദ്ധപ്പെടുത്തുന്നത്' എന്ന് അച്ചടിച്ചിരുന്നു. ഒരേ ഭാഷ സംസാരിച്ചുകൊണ്ട് കേരളത്തിന്റെ നാനാഭാഗങ്ങളിലും വസിക്കുന്ന ജനങ്ങളുടെ പൊതുനന്മയും വളർച്ചയും ശ്രേയസ്സിനും. ഐക്യത്തിനും വേണ്ടി പ്രവർത്തിക്കുമെന്നും രാജ്യത്തിന്റെ പൊതുക്ഷേമം ലക്ഷ്യമാക്കിക്കൊണ്ട് സാധാരണക്കാരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുമെന്നുമുള്ള ലക്ഷ്യത്തോടെയാണ് മാതൃഭൂമി പിറന്നത്.

1921-ലെ കർഷകകലാപത്തിനുശേഷം മങ്ങിമയങ്ങിപ്പോയ ദേശീയബോധത്തെ തട്ടിയുണർത്തിയും കോൺഗ്രസ് പ്രവർത്തനത്തെ പുഷ്ടിപ്പെടുത്തിയും മാതൃഭൂമി വളർന്നു. ഈ പശ്ചാത്തലത്തിലാണ്